**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5474** **05-07-2024 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾക്ക് രൂപമാറ്റം വരുത്തുന്നതിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡിൽ സുരക്ഷാഭീഷണി ഉയർത്തുന്ന രീതിയിൽ രൂപമാറ്റം വരുത്തിയിട്ടുള്ള വാഹനങ്ങൾ റോഡിൽ അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സുരക്ഷാ ഭീഷണി ഉയർത്തുന്ന രീതിയിൽ രൂപമാറ്റം വരുത്തിയ വാഹനങ്ങൾ റോഡിൽ അപകടങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം വാഹനങ്ങൾക്ക് മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നിയമലംഘനങ്ങൾ പരിശോധിച്ച് ചെലാൻ തയ്യാറാക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ 3 വർഷക്കാലയളവിൽ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടവരുടെ പേരിൽ മോട്ടോർ വാഹന വകുപ്പ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കഴിഞ്ഞ 3 വർഷക്കാലയളവിൽ ഇത്തരം പ്രവർത്തികളിൽ ഏർപ്പെട്ടവർക്കെതിരെ 29492 കേസുകൾ രജിസ്റ്റർ ചെയ്യുകയും മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ